LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആറളം ഫാമിൽ ആദിവാസികൾക്ക് ഭൂമിവിതരണം ചെയ്യുന്നതിന് ആദിവാസി കുടുംബങ്ങളിൽ നിന്നുലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അപേക്ഷകളിൽ നിന്നും 24-2-2010-ലെ ജി.ഒ.(എം എസ്.)നമ്പർ 23/2010/SCSTDD ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി യോഗ്യരായ വരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ വ്യക്തികൾക്ക് നൽകുന്നതിനുള്ള പ്ലോട്ടുകൾ സർവ്വേ ചെയ്തുവരുന്നു. ഈ നടപടിക്രമം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർ സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി വിതരണം എത്രയുംപെട്ടെന്ന് നടത്തുന്നതാണ്.

പട്ടയ വിതരണം

101 (5281). ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ എത്ര പേർക്ക് പട്ടയം നൽകുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നതെന്ന് വിശദമാക്കാമോ ;

(ബി) അതനുസരിച്ചുള്ള പട്ടയ വിതരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പരമാവധി ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതനുസരിച്ച് ഏകദേശം 1,26,000 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കടവൂർ വില്ലേജിലെ മലയോര കർഷകർക്ക് പട്ടയം

102 (5283) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ 1977-നു മുൻപ് കുടിയേറി താമസിക്കുന്ന മലയോര കർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;